STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.268/PR/SPMC/PHQ/2026 Date:05.07.2026

# പത്രക്കുറിപ്പ്

## സ്വയാശ്രയ സ്റ്റുഡൻറ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ സ്വയാശ്രയ സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ട് കേരള പോലീസ് വിജ്ഞാപനം പുറപ്പെടുവിച്ചു. വിശദവിവരങ്ങളും നിശ്ചിത അപേക്ഷാഫോമും കേരള പോലീസിൻറെ ഔദ്യോഗിക വെബ്സൈറ്റിൽ (www.keralapolice.gov.in) ലഭ്യമാണ്. 2026 ജുലൈ മാസം 10ാം തീയതി വൈകുന്നേരം അഞ്ച് മണിക്ക് മുൻപായി പൂരിപ്പിച്ച അപേക്ഷ spcprogramme.pol@kerala.gov.in എന്ന ഇമെയിൽ വിലാസത്തിലേക്ക് അയയ്ക്കണം.

സ്വയാശ്രയ സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിപ്രകാരം ആരംഭിക്കുന്ന യൂണിറ്റുകൾക്ക്, സർക്കാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്ന സാഹചര്യം ഒഴികെ, സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെയോ മറ്റേതെങ്കിലും സർക്കാർ പദ്ധതിയിലൂടെയോ സാമ്പത്തിക സഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ഇത്തരം യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാർ ധനസഹായം, റീഇംബേഴ്സ്മെൻറ്, മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവ നിലവിലോ ഭാവിയിലോ ആവശ്യപ്പെടുന്നതിനുള്ള അവകാശമോ അർഹതയോ സ്വയാശ്രയ സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിപ്രകാരം ആരംഭിക്കുന്ന യൂണിറ്റുകൾക്ക് ഉണ്ടായിരിക്കുന്നതുമല്ല.

സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി(SPC) ആരംഭിക്കുന്നതിനായി മുൻകാലങ്ങളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്കൂളുകൾ, സ്വയാശ്രയ സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി പ്രകാരം യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പരിഗണന ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ വീണ്ടും സമർപ്പിക്കേണ്ടതാണ്.

അന്താരാഷ്ട്ര ശ്രദ്ധ നേടിയ കേരളാ പോലീസിൻറെ അഭിമാന പദ്ധതിയാണ് സ്റ്റുഡൻറ് പോലീസ് കേഡറ്റ്. നിയമബോധവും പൗരബോധവുമുള്ള, ദുർബലവിഭാഗങ്ങളോട് സഹാനുഭൂതി പുലർത്തുന്ന പുതുതലമുറയെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെ ഹൈസ്കൂൾ തലത്തിൽ പോലീസ് നടപ്പിലാക്കിയ സംരംഭമാണിത്. നിലവിൽ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി തുടർന്നു പോകുന്നതാണ്. ഇതിനു പുറമെയാണ് പുതുതായി ആരംഭിക്കാൻ പോകുന്ന സ്വയാശ്രയ സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി. കൂടുതൽ വിവരങ്ങൾക്ക് 04712432655, 9497980083, 7012844948 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ്
മീഡിയ സെൻറർ

**********************************